**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2090** **21-06-2024 - ൽ മറുപടിയ്ക്ക്**

**കൊല്ലം തുറമുഖത്തിന്റെ സുരക്ഷയ്ക്കായി സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊല്ലം തുറമുഖത്തിലെ ഇമിഗ്രേഷൻ പ്രവർത്തനങ്ങൾക്കായി പോലീസിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും തുറമുഖത്തിന്റെ സുരക്ഷയ്ക്കായി സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിൽ നിന്നും സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും സ്വീകരിച്ച് വരുന്ന നടപടികൾ എപ്രകാരമാണ് പുരോഗമിക്കുന്നത്; ഇക്കാര്യത്തിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | ബ്യൂറോ ഓഫ് ഇമിഗ്രേഷനിലേക്ക് (കൊല്ലം തുറമുഖം) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് സന്നദ്ധത പ്രകടിപ്പിച്ച 43 പോലീസ് ഉദ്യോഗസ്ഥരുടെ അപേക്ഷകളും ബന്ധപ്പെട്ട രേഖകളും 30/11/2022ൽ പോലീസ് മേധാവി ഇമിഗ്രേഷൻ ഡയറക്ടർക്ക് അയച്ചിട്ടുണ്ട്. അസിസ്റ്റന്റ് ഡയറക്ടർ, ഇമിഗ്രേഷൻ ബ്യൂറോ തിരുവനന്തപുരം 09/01/2024-ലെ കത്ത് പ്രകാരം ഡെപ്യൂട്ടേഷന് തിരഞ്ഞെടുക്കുന്നതിനായി പോലീസുകാരുടെ അഭിമുഖം നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. ബ്യൂറോ ഓഫ് ഇമിഗ്രേഷൻ തിരഞ്ഞെടുക്കപ്പെട്ടവരുടെ പാനൽ സമർപ്പിക്കുന്ന മുറയ്ക്ക് ഡെപ്യൂട്ടേഷൻ അനുമതി നൽകുന്നതാണ്.<br><br>കേരള മാരിടൈം ബോർഡിന്റെ നിയന്ത്രണത്തിലുള്ള കൊല്ലം തുറമുഖം കേന്ദ്ര ആഭ്യന്തര മന്ത്രാലയം മുഖേന ഒരു ഇമിഗ്രേഷൻ ചെക് പോയിന്റായി പ്രഖ്യാപിക്കുന്നതിന് സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് (SISF)-ൽ നിന്നും സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നത് സംബന്ധിച്ച് സെക്യൂരിറ്റി ആഡിറ്റ് നടത്തുകയുണ്ടായി. തുറമുഖം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുമ്പോൾ മതിയായ സുരക്ഷ ഉറപ്പുനൽകുന്നതിന് 40 സേനാംഗങ്ങളുടെ മുഴുവൻ സമയസേവനം ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്.<br><br>09/01/2020 തീയതിയിലെ സ.ഉ. (കൈ) നം.7/2020/ആഭ്യന്തരം പ്രകാരം SISF-ന് ആവശ്യമായ തസ്തിക അനുവദിച്ചിട്ടുണ്ട്. നിലവിലെ നിരക്കനുസരിച്ചുള്ള Bill of Cost ഉൾപ്പെടെയുള്ള SISF ന്റെ സുരക്ഷാസേവനം സംബന്ധിച്ച നിബന്ധനകൾ അംഗീകരിച്ച് തുറമുഖ അധികാരികൾ ധാരണാപത്രം ഒപ്പുവയ്ക്കുന്ന മുറയ്ക്ക് സുരക്ഷാ ജീവനക്കാരെ SISF ൽ നിന്നും നിയോഗിക്കാൻ സാധിക്കും. |

| | | | |
|---|---|---|---|
| | | | കൊല്ലം തുറമുഖത്തിന് ISPS സ്റ്റാറ്റസ് ലഭ്യമാക്കി കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്താരാഷ്ട്ര കപ്പൽ ഗതാഗതം പൂർണ്ണതോതിൽ ആരംഭിക്കുന്ന മുറയ്ക്ക് എസ്.ഐ.എസ്.എഫ്. ചുമതലയിൽ സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്താമെന്ന ഉറപ്പിലാണ് ഇത് ലഭ്യമായിട്ടുള്ളത്. ഇതിനാവശ്യമായ പോലീസ് ഉദ്യോഗസ്ഥരെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കാൻ വേണ്ട നടപടികൾ കേരള മാരി ടൈം ബോർഡും സംസ്ഥാന-കേന്ദ്ര സർക്കാരുകളും എടുത്തുകഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ